വലിയ വീഴ്ച കൂടാതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയാണ്. ചില പ്രദേശങ്ങളിൽ റോഡുകൾ മോശമായിട്ടുണ്ടാകും. പക്ഷേ, തിരുവനന്തപുരം സിറ്റിക്കകത്ത് ഒന്ന് യാത്രചെയ്യുക. മഴക്കാലത്ത് റോഡ് പൊട്ടിപൊളിയുന്നത് എത്രയോകാലം മുമ്പ് തീർത്ത റോഡുകളാണ്. റോഡുകളുടെ സബ്ഗ്രേഡ് മോശമാണ്. മുപ്പതും നാല്പതും ടൺ ഭാരമുള്ള വണ്ടികൾ മഴയത്ത് കുതിർന്ന റോഡിൽ കയറുമ്പോൾ റോഡ് പൊട്ടിപ്പൊളിയും. പിന്നീട് കുറഞ്ഞ മാസങ്ങൾ കൊണ്ടുവേണം റിപ്പയർ ചെയ്യാനുള്ളത്. അതുകൊണ്ട് അങ്ങനെയുള്ള വർക്കുകൾ, മഴ മാറിയ സമയംകൊണ്ട് സിറ്റിക്ക് അകത്ത് പി.ഡബ്ല്യൂ.ഡി. മെയിന്റയിൻ ചെയ്യുന്ന റോഡുകളെ സംബന്ധിച്ച് എനിക്ക് നല്ല നിശ്ചയമുണ്ട്. ഒരിടത്തും കുഴിയില്ല. ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാം.

<u>ശ്രീ. ബി. വിജയകുമാർ</u> : അല്ലാത്ത റോഡുകളുണ്ട്.

<u>ശ്രീ. പി.ജെ. ജോസഫ്</u> : അല്ലാത്ത റോഡുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ മതി. മേജർ ഡിസ്ട്രിക്ട് റോഡും സ്റ്റേറ്റ് ഹൈവേയും പരിശോധിക്കണം.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഞാൻ എഴുതിത്തരാം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് ഇല്ല. അങ്ങനെ വല്ലതുമുണ്ടെങ്കിൽ തെറ്റായ റിപ്പോർട്ട് തന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാം. സിറ്റിക്ക് അകത്തെ റോഡിൽ ഒരിടത്തും ഒരു കുഴിയുമില്ലെന്ന് റിപ്പോർട്ട് തന്നിരിക്കുകയാണ്. അങ്ങനെയുണ്ടെങ്കിൽ അത് എഴുതിതന്നാൽ പ്രത്യേകമായിട്ട് പരിശോധിക്കാം. ഞാൻ റോഡിൽ കൂടി കാസർഗോഡ് വരെ യാത്ര ചെയ്യുമ്പോൾ മുഴുവൻ റോഡും നോക്കിയും വഴിക്ക് ഇറങ്ങിയുമാണ് പോകുന്നത്. മിക്കവാറും വർക്കുകൾ തീർന്നിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പെരുമ്പാവൂരിൽ ഇറങ്ങിയത് അറിയാം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, കാലടി മുതൽ പെരുമ്പാവൂർ വരെയുള്ള മുഴുവൻ പണിയും തീർന്നു. അതുപോലെ ആലുവായിലേത് മുഴുവൻ പണി തീർന്നു. തൃശൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എ. മാർ പറയട്ടെ. റോഡുകൾ ഇത്രയും നന്നായ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ഓരോ മേഖലയെപ്പറ്റിയും എനിക്ക് പറയാൻ കഴിയും. അതുകൊണ്ട് ടാറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞതിന് മുമ്പുണ്ടായിരുന്ന ഒരു രീതി പുനഃസ്ഥാപിക്കാൻ വീണ്ടും ശ്രമം നടത്തിനോക്കാം.

<u>ശ്രീ. പാലോട് രവി</u> : സർ, ടെന്റർ ചെയ്യുന്ന ഒരു വർക്കും എടുക്കുന്നില്ലെന്നുള്ളത് ശരിയാണോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ടെന്റർ ചെയ്യുന്ന ഒരു വർക്കും എടുക്കുന്നില്ലെന്നുള്ളത് ശരിയല്ല. മലബാർ ഭാഗത്ത് ടെന്റർ ചെയ്യുന്ന മുഴുവൻ വർക്കുകളും എടുക്കുന്നുണ്ട്. ചില ഏരിയായിൽ എടുക്കുന്നില്ല. തിരുവനന്തപുരം ജില്ലയിലും ചില ഭാഗങ്ങളിലും എടുക്കുന്നില്ല, ചില ഭാഗങ്ങളിൽ എടുക്കുന്നുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിലാണ് എടുക്കാത്തത്. ആ ഭാഗങ്ങളിൽ പ്രത്യേകമായി ശ്രദ്ധിക്കാം. അവിടെയുള്ള കുഴികൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാം.

(12) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വോൾട്ടേജ് ക്ഷാമം

<u>ശ്രീ. പി. വിശ്വൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ നേരിടുന്ന വൈദ്യുതിയുമായി ബന്ധ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട പ്രശ്നമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അവിടെ വോൾട്ടേജ് ക്ഷാമം വ്യാപകമായി ഉണ്ടാകുന്നുവെന്ന് മാത്രമല്ല നിരന്തരമായി വൈദ്യുതി തടസ്സം കൊയിലാണ്ടി പട്ടണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അധികദിവസവും ഇരുട്ടിലാകുന്ന ഒരു സ്ഥിതിവിശേഷം വർഷങ്ങളായിട്ട് അവിടെ തുടരുകയാണ്. തൊട്ടടുത്തുള്ള കണ്ണൂർ സബ് സ്റ്റേഷനിൽ നിന്ന് മേപ്പയൂർ വരെയുള്ള ലൈൻ എവിടെയെങ്കിലും തടഞ്ഞാൽ മതി വൈദ്യുതി തടസ്സം നേരിടും. ആഴ്ചയിൽ അഞ്ചോ ആറോ ദിവസം മണിക്കൂറോളം കൊയിലാണ്ടി പട്ടണത്തെ ഇരുട്ടിലാക്കുന്നു. അതിന്റെ ഫലമായി ആയിരക്കണക്കിന് കച്ചവടക്കാരും ജനങ്ങളും വളരെയധികം ദുരിതം അനുഭവിക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കൊയിലാണ്ടി മുനിസിപ്പൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വിതരണ വിഭാഗത്തിൽ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കരിവട്ടൂർ ഏരിയായിൽ 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, മൂകാമ്പിപ്പള്ളി റോഡിൽ 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, നെല്ലിയാടിക്കടവ്-കോടക്കാട് റോഡ് 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, അന്ത്രോളിമുക്ക്-പെരുവട്ടൂർ, അതുപോലെ തെക്കിൻഭാഗം വിരിയൂർ, തമ്മലത്താഴ്-നെല്ലിയാട് റോഡ്, തഴെയങ്ങാടി റോഡ്, കൊല്ലം തറപ്പള്ളി, കൊല്ലം ബീച്ച്, 14-ാം വാർഡ് കൊയിലാണ്ടി മുനിസിപ്പാലിറ്റി, കണയംകോട് ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ മണവൽജ്യോതി 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നല്ലോഴിക്കാവ് 100 കെ.വി. യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് ഉൾപ്പെടെ വിവിധ പ്രവൃത്തികൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഇതിനകം ചെയ്തുവരുന്നുണ്ട്. ഈ പറഞ്ഞ ജോലികൾ കൂടാതെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ സബ് സ്റ്റേഷനിൽ നിന്ന് പിറവങ്ങാട് വരെ 3 കിലോമീറ്റർ 300 സ്കയർ മീറ്റർ ഭൂഗർഭ കേബിൾ ഇടാനും നന്നൽ മൂതരൽ പന്തലായനി ട്രാൻസ്ഫോർമർ വരെയുള്ള രണ്ട് കിലോമീറ്റർ നീളത്തിൽ 11 കെ.വി. ഓവർ ഹെഡ് ലൈൻ വലിച്ചും ഇന്റർലിങ്ക് ചെയ്യാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കൂടാതെ ഇപ്പോൾ നിലവിലുള്ള കൊയിലാണ്ടി സബ് സ്റ്റേഷൻ ആർ.ഇ.സി. യുടെ സഹായത്തോടുകൂടി പുതിയ 16 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് അത് 33 കെ.വി. ലൈൻ ഫീഡർ വലിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. ഈ പണികൾ പൂർത്തിയാകുന്നതോടെ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വോൾട്ടേജ് ക്ഷാമത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടുന്നതിന് സാദ്ധ്യമാകുന്നതാണ്.

(13) റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കുവാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതു സംബന്ധിച്ച്

ശ്രീ. പി.സി. ജോർജ് : സർ, കേരളത്തിലെ 9 ലക്ഷത്തോളം റബ്ബർ കൃഷിക്കാരുടെയും ആ റബ്ബർ കൃഷിയോട് അനുബന്ധിച്ച് ജീവിക്കുന്ന 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടേയും നീറുന്ന പ്രശ്നം പല പ്രാവശ്യം ഈ സഭയിൽ ചർച്ചചെയ്തിട്ടുണ്ട്. ഇപ്പോൾ ഞാൻ മനസ്സിലാക്കിയിടത്തോളം ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് കൃഷിക്കാരോട് ചെയ്യാവുന്ന മാന്യമായ നടപടികൾ ഒരു പരിധിവരെ ചെയ്തിട്ടുണ്ടെന്ന അഭിപ്രായമാണ് എനി

LIBRARY ARCHIVES Kerala Legislative Assembly